സാമ്യവാക്യം
ക്രിസ്തുവിനാൽ...... ആശ്വാസം പെരുകുന്നു.
2 കൊരി. 1:5

(3)

നവംബർ 28 വ്യാഴം

വായനാഭാഗം
യിരെമ്യാവ് 45: 1–5

The firmament of God

## ദൈവീക ഉറപ്പ്

അയ്യോ! കഷ്ടം.... തളർന്നിരിക്കുന്ന...... യിരെ. 45:3

യിരെമ്യാവിന്റെ പ്രവചനശുശ്രൂഷയുടെ സമഗ്രരൂപമാണ് ഈ പുസ്തകം. ദിനവൃത്താന്തപരമായി ഈ അദ്ധ്യായം പുറകിലേക്ക് അതായത് യെഹോയാക്കീം രാജാവിന്റെ യെരുശലേമിലെ വാഴ്ചയുടെ നാലാം ആണ്ടിലേക്ക് നമ്മെ കൊണ്ടുപോകുന്നു. ഇരുപതു വർഷം യെഹൂദയേയും യിസ്രായേലിനെയും പറ്റി പ്രവചിച്ചത് രേഖപ്പെടുത്തുവാൻ ദൈവം യിരെമ്യാവിനോടു കല്പിച്ചു. അതനുസ്സരിച്ച് തന്റെ വാമൊഴിപ്രകാരം വിശ്വസ്തനായ രായസക്കാരൻ (സെക്രട്ടറി) ബാരാക്ക് ഒരു പുസ്തകച്ചുരുളിൽ എഴുതി യഹോവയുടെ ആലയത്തിൽ യിരെമ്യാവിന് വിലക്കേർപ്പെടുത്തിയതിനാൽ ഉപവാസദിവസം അതു വായിപ്പാൻ ബാരാക്കിനെ ചുമതലപ്പെടുത്തി. അതു വായിച്ചു കേൾക്കാനിടയായ രാജാവ് പുസ്തകച്ചുരുൾ ഒരു കത്തികൊണ്ട് കണ്ടിച്ച് നെരിപ്പോടിലെ തീയിൽ വെന്ത് പോകും വരെ ഇട്ടുകൊണ്ടിരുന്നു. യിരെമ്യാവിന്റെ മുന്നറിയിപ്പുകളോടുള്ള തുറന്ന വെറുപ്പും ദൈവവചനത്തോടുള്ള നിന്ദയുമാണ് ഇതു വെളിപ്പെടുത്തുന്നത്. ദൈവവചനം പഠിക്കാതെയും ധ്യാനിക്കാതെയും ഇരിക്കുമ്പോൾ രാജാവ് ചെയ്ത തെറ്റിന്റെ മറ്റൊരു വകഭേദമാണ് നാമും ചെയ്യുന്നത്.

ഈ സംഭവം ബാരാക്കിനെ നിരാശനാക്കി, മറ്റൊരു ചുരുൾ വാങ്ങി ചുട്ടുകളഞ്ഞ മുമ്പിലത്തെ ചുരുളിലുള്ളത് രേഖപ്പെടുത്തുവാൻ യഹോവ അരുളിച്ചെയ്തതനുസരിച്ച് വീണ്ടും എഴുതിത്തുടങ്ങി. യിരെമ്യാവിന്റെ ശുശ്രൂഷ പരാജയപ്പെട്ടെന്നും, യെഹൂദയുടെ മേൽ ഉടൻ ന്യായവിധിവരുമെന്നും ഉള്ള ചിന്ത ബാരാക്കിനെ വേദനിപ്പിച്ചു. അവന്റെ ഉള്ളിലെ വേദന അറിഞ്ഞ ദൈവം പ്രവാചകൻ മുഖാന്തിരം അവനെ ധൈര്യപ്പെടുത്തുന്നതാണ് ഇന്നത്തെ വേദഭാഗം. യഹോവ പണിതതിനെ ഇടിച്ചുകളഞ്ഞാലും, നട്ടതിനെ പറിച്ചുകളഞ്ഞാലും അതോർത്ത് നീ വിഷമിക്കേണ്ട എന്ന മുന്നറിയിപ്പ് നൽകുന്നു. ദൈവവചനത്തോടും, യിരെമ്യാവിനോടും വിശ്വസ്തത പുലർത്തിയവനെ യഹോവ രക്ഷിക്കുമെന്നുള്ള ഉറപ്പ് അവന് ലഭിച്ചു.

'ഭയപ്പെടേണ്ട' എന്ന് ബൈബിളിൽ 365 പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്. എന്നിട്ടും മാനുഷിക ആഗ്രഹനിവർത്തിക്ക് കാലതാമസം നേരിടുമ്പോഴും, ജോലിയിൽ പ്രശ്നങ്ങളുണ്ടാകുമ്പോഴും, ദൈവനിന്ദിതരുടെ ഉയർച്ച കാണുമ്പോഴും നാം നിരാശരാകുന്നു. ദൈവത്തിലുള്ള വിശ്വാസക്കുറവല്ലേ അതിനു കാരണം. ആകയാൽ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾക.

**ദൈവമേ, അവിടുത്തെ വിശ്വാസത്താൽ ഞങ്ങളെ ഉറപ്പിക്കേണമേ**